## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5065 — 01/07/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സർക്കാർ ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾ സർക്കാർ ഉദ്യോഗസ്ഥനാണെങ്കിൽ ടിയാളുടെ ഭാര്യയുടെ പേരിൽ സർക്കാർ സൗജന്യമായി ഭൂമി നൽകുന്നതിന് തടസ്സമുണ്ടോ ; വിശദമാക്കുമോ; | എ യും ബി യും | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി പതിച്ചുകൊടുക്കുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഇറങ്ങിയിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ **അനുബന്ധമായി** ചേർക്കുന്നു.<br><br>പ്രസ്തുത സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സ്വന്തം പേരിലോ ഭർത്താവിന്റെ /ഭാര്യയുടെ പേരിലോ ഭൂമി ഇല്ലാത്തവർക്കും മറ്റേതെങ്കിലും ഭൂമിക്ക് അവകാശമില്ലാത്തവർക്കും, വാർഷിക വരുമാനം 30,000/ രൂപയിൽ കുറവുള്ളവരുമായ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കാണ് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വിതരണത്തിന് മുൻഗണന നൽകുന്നത്. ജനകീയ കമ്മിറ്റികളുടെ ശുപാർശകളും, ഊരുകൂട്ടങ്ങളുടെ അഭിപ്രായവും, പൊതു ജനങ്ങളിൽ നിന്ന് അപേക്ഷകളും പരിഗണിച്ച് ജില്ലാ മിഷനാണ് ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നത്. ഇതനുസരിച്ച് സർക്കാർ ജോലിയുള്ള അംഗത്തിന്റെ കുടുംബത്തിന് ഭൂമി ലഭിക്കുന്നതിന് അർഹത ഇല്ല. |
| ബി | പട്ടികവർഗ്ഗത്തിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥന്റെ ഭാര്യയുടെ പേരിൽ ഭൂമി നൽകരുതെന്ന് ഉത്തരവിറക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | | |
| സി | ഭാര്യയും ഭർത്താവും സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ ഇവർക്ക് സർക്കാർ ഭൂമി ലഭിക്കുവാൻ അർഹതയുണ്ടോ ; | സി | ഇല്ല. സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സ്വന്തം പേരിലോ ഭർത്താവിന്റെ/ഭാര്യയുടെ പേരിലോ ഭൂമി ഇല്ലാത്തവർക്കും മറ്റേതെങ്കിലും ഭൂമിയ്ക്ക് അവകാശമില്ലാത്തവർക്കും, വാർഷിക വരുമാനം 30,000/ രൂപയിൽ കുറവുള്ളവരുമായ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കാണ് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വിതരണത്തിന് മുൻഗണന നൽകുന്നത്. |

| | | | |
|---|---|---|---|
| ഡി | പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾക്ക് സർക്കാർ സൗജന്യമായി ഭൂമി നൽകുകയും തുടർന്ന് അയാളോ ഭാര്യയോ സർക്കാർ സർവ്വീസിൽ പ്രവേശിക്കുകയോ ചെയ്ത സന്ദർഭത്തിൽ സർക്കാർ ഭൂമി തിരിച്ചെടുത്ത സംഭവം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ ; എങ്കിൽ ആയത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | ഡി | പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾക്ക് സർക്കാർ സൗജന്യമായി ഭൂമി നൽകുകയും തുടർന്ന് അയാളോ ഭാര്യയോ സർക്കാർ - സർവ്വീസിൽ പ്രവേശിക്കുകയോ ചെയ്ത സന്ദർഭത്തിൽ സർക്കാർ ഭൂമി തിരിച്ചെടുത്ത സംഭവം ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കേരള സർക്കാർ

### സംഗ്രഹം

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്—ആദിവാസി പുനരധിവാസ വികസന മിഷൻ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കാൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു

## പട്ടികജാതി/പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

ജി.ഒ.(പി). നമ്പർ 41/2002/പ.ജ.പ.വ.വി.വ. തിരുവനന്തപുരം, 2002 ജൂലായ് 20.

വായന:—(1) ജി.ഒ.(പി.) നമ്പർ 63/01/പ.ജ.പ.വ.വി.വ. തീയതി 9-11-2001.

### ഉത്തരവ്

സംസ്ഥാനത്തെ ഭൂരഹിതരും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി ലഭ്യമാവുന്ന സ്ഥലങ്ങളിൽ പരമാവധി 5 ഏക്കർവരേയും ഭൂമി നൽകുന്നതിന് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്.

ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പതിച്ചുനൽകാൻ കണ്ടെത്തുന്ന ഓരോ ഭൂമിയും പതിച്ച് ലഭിക്കുവാൻ അർഹതപ്പെട്ട എല്ലാ ആദിവാസി കുടുംബങ്ങളിൽ നിന്നും അതാത് പ്രദേശത്തെ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ അപേക്ഷകൾ സ്വീകരിച്ച് ജില്ലാ മിഷന് സമർപ്പിക്കുന്നതാണ്. ഗുണഭോക്താക്കൾക്ക് നേരിട്ടും അപേക്ഷിക്കാവുന്നതാണ്. ഇതിനായി അപേക്ഷാഫാറങ്ങൾ അച്ചടിച്ച് ടി.ഇ.ഒ. ആഫീസുകൾ, ഗ്രാമ പഞ്ചായത്ത് ആഫീസുകൾ, വില്ലേജ് ആഫീസുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്നതാണ്.
2. ജില്ലാ മിഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ കരട് ലിസ്റ്റ് തയ്യാറാക്കി ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുന്നതാണ്.
3. ഇപ്രകാരം പ്രസിദ്ധീകരിക്കുന്ന കരട് ലിസ്റ്റ് ജില്ലാതല ജനകീയ കമ്മിറ്റിയുടെയും ഊരുകൂട്ടങ്ങളുടെയും പരിശോധനയ്ക്കും, ശുപാർശയ്ക്കും നൽകുന്നതാണ്.
4. ജനകീയ കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമായിരിക്കും;

| | | |
|---|---|---|
| (1) | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | (അദ്ധ്യക്ഷൻ) |
| (2) | ജില്ലയിലെ എല്ലാ എം.പി.മാരും, എം.എൽ.എ. മാരും | അംഗങ്ങൾ |
| (3) | ആദിവാസി കുടുംബങ്ങൾ ഇപ്പോൾ താമസമുള്ള എല്ലാ ഗ്രാമ-പഞ്ചായത്തുകളിലേയും പ്രസിഡന്റുമാർ | അംഗങ്ങൾ |

GCPT. 3/2761/2002/DTP

| | | |
|---|---|---|
| (4) | ഗ്രാമ-ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെ ആദിവാസി വിഭാഗത്തിലെ എല്ലാ ജനപ്രതിനിധികളും | അംഗങ്ങൾ |
| (5) | ബന്ധപ്പെട്ട എല്ലാ താലൂക്ക് തഹസീൽദാർമാരും | അംഗങ്ങൾ |
| (6) | കിർത്താർഡ്സിന്റെ പ്രതിനിധി | അംഗം |
| (7) | ജില്ലയിലെ പട്ടികവർഗ്ഗ വികസന വകുപ്പ് പ്രോജക്ട് ആഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ആഫീസർമാർ | കൺവീനർ |

ജില്ലാ കളക്ടർമാർ മേൽ ഘടനയോടുകൂടിയ ജില്ലാ ജനകീയ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

5. ജനകീയ കമ്മിറ്റികളുടെ ശുപാർശകളും ഊരുകൂട്ടങ്ങളുടെ അഭിപ്രായങ്ങളും, പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന ആക്ഷേപങ്ങളും പരിഗണിച്ച് ജില്ലാ മിഷൻ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

6. ഭൂരഹിതർ, ഏറ്റവും കുറവ് ഭൂമിയുള്ളവർ എന്നീ ക്രമത്തിലാണ് ഗുണഭോക്താക്കളുടെ ലിസ്റ്റിൽ മുൻഗണനാക്രമം നിശ്ചയിക്കേണ്ടത്.

ഇപ്രകാരം കുറ്റമറ്റരീതിയിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയശേഷം ജില്ലാമിഷൻ ഭൂമി പതിച്ചുനൽകുന്നതാണ്. ലഭ്യമായ പ്ലോട്ടുകളേക്കാൾ ഭൂരഹിതരുടെ എണ്ണം കൂടുതലാണെങ്കിൽ ഗുണഭോക്താക്കളെ ചീട്ടിട്ട് തെരഞ്ഞെടുക്കേണ്ടതാണ്. സ്ഥലം തീരെ കുറവാണെങ്കിൽ ഒരേക്കറിൽ താഴെയുള്ള പ്ലോട്ടുകളും വിതരണം ചെയ്യുവാൻ ജില്ലാമിഷന് തീരുമാനിക്കാവുന്നതാണ്.

7. ഇതിനാവശ്യമായ അപേക്ഷാഫാറങ്ങൾ അച്ചടിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജെയിംസ് വർഗ്ഗീസ്,
സെക്രട്ടറി,
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്.

ആദിവാസി പുനരധിവാസ വികസനമിഷൻ, തിരുവനന്തപുരം
ആദിവാസി പുനരധിവാസ വികസനമിഷൻ മെമ്പർമാർക്ക്
എല്ലാ പ്രിൻസിപ്പൽ/സെക്രട്ടറിമാർക്കും
എല്ലാ വകുപ്പുതലവൻമാർക്കും
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖകത്ത് മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും
ലാൻഡ്-റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
ഡയറക്ടർ, ട്രഷറി വകുപ്പ്
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

GOVERNMENT OF KERALA

Abstract

Scheduled Castes /Scheduled Tribes Development Department - Tribal Resettlement & Development Mission - Selection of tribal beneficiaries for allotment of land - Guidelines issued.

SCHEDULED CASTES/SCHEDULED TRIBES DEVELOPMENT (D) DEPARTMENT

G.O.(Ms)No.23/2010/SCSTDD Thiruvananthapuram, Dated 24-02-2010

Read: 1. Minutes of the 20th meeting of the Empowered Mission Committee of the Tribal Resettlement & Development Mission held on 19.1.2010

2. Government Letter No.830/D2/09/SCSTDD dated 18-2-09

ORDER

The Empowered Mission Committee examined in detail the experience of distribution of land to tribals in the sites taken up for resettlement and rehabilitation by the Mission so far. It was seen that the Mission has not been able to harness the participation of the community / Oorukoottom so far in the resettlement areas. It was also seen that one of the important factors for this failure was the difficulty in getting the tribals to act together as they belonged to different gothras.

The Committee recommended that in future allotment of plots in TRDM sites should be to families from the same gothra as far as possible.

The Committee also observed that to get the maximum benefit out of a site taken up for resettlement and rehabilitation, resource-mapping should be first undertaken and a spatial master plan for land use made before allotment of sites to families.

Further, in such settlements houses should be planned in clusters of 50 to 75 houses, so that joint farming and other group activity can be planned in the remaining area of the site.

Government accept the recommendations of the Empowered Mission Committee and hereby order accordingly.

Government further order that the provisions of the Scheduled Tribes Assignment of Government Land Rules, 2001 shall be followed strictly in allotment of land to tribals, and specifically that only landless tribals having no land in their name or of their spouse, having no right to any land, and whose annual income is below Rs.30,000/-, shall be considered for allotment of land under the Tribal Resettlement & Development Mission. It is further ordered that in case there are no

tribals in a District fulfilling these criteria for allotment of land, eligible applicants from neighbouring Districts be considered for allotment of land.

All District Collectors will ensure that all future allotments of land in Tribal Resettlement & Development Mission sites shall be carried out as above.

By Order of the Governor
sd/-
PAUL ANTONY,
Principal Secretary to Government

To

All District Collectors
The Chief, Tribal Resettlement & Development Mission, Thiruvananthapuram
The Commissioner of Land Revenue, Thiruvananthapuram
The Director,
Scheduled Tribe Development Department, Thiruvananthapuram
Revenue Department
Scheduled Castes/Scheduled Tribes Development (B) Department
The Principal Accountant General (Audit), Kerala, Thiruvananthapuram
The Accountant General (A&E), Kerala, Thiruvananthapuram
Stock File/Office Copy

Forwarded/By Order

Section Officer.

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി / പട്ടികവർഗ്ഗ വികസനവകുപ്പ് - ആദിവാസി പുനരധിവാസ വികസനമിഷൻ ഭൂമി അനുവദിക്കുന്നതിന് പട്ടികവർഗ്ഗ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി - പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

ജി.ഒ. (എം.എസ്) നം. 106/2010/പജപവവിവ തിരുവനന്തപുരം, തീയതി: 8.10.2010

പരാമർശം:- 24-02-2010-ലെ സ.ഉ. (എം.എസ്) 23/2010/പജപവവിവ നമ്പർ സർക്കാർ ഉത്തരവ്.

ഉത്തരവ്

ആദിവാസി പുനരധിവാസ വികസന മിഷന്റെ കീഴിൽ ഭൂമി അനുവദിക്കുന്നതിന് പട്ടികവർഗ്ഗ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, 19-01-2010-ലെ എംപവേർഡ് മിഷൻ കമ്മിറ്റി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശത്തിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭൂമി ലഭിക്കാനുള്ള അർഹത സംബന്ധിച്ച് പ്രസ്തുത ഉത്തരവിൽ അവ്യക്തത ഉണ്ടെന്നകാര്യം പിന്നീട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

മേൽ സാഹചര്യത്തിൽ സ്വന്തം പേരിലോ, ഭർത്താവിന്റെ/ഭാര്യയുടെ പേരിലോ ഭൂമി ഇല്ലാത്തവർക്കും മറ്റെങ്കിലും ഭൂമിയ്ക്ക് അവകാശമില്ലാത്തവർക്കും വാർഷിക വരുമാനം 10,000 രൂപയിൽ കുറവുള്ളവരുമായ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ആദിവാസി പുനരധിവാസ വികസന മിഷന്റെ കീഴിലുള്ള ഭൂമി വിതരണത്തിന് മുൻഗണന നൽകുന്നതാണെന്നകാര്യം വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,)
പോൾ ആന്റണി
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ്, ആദിവാസി പുനരധിവാസ വികസന മിഷൻ, തിരുവനന്തപുരം

ഉത്തരവിൻപ്രകാരം,
(ഒപ്പ്)
സെക്ഷൻ ഓഫീസർ